## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

28.06.2013-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4665

## നീര ഉത്പാദന യൂണിറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. പി. മുഹമ്മദ്<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ.വി. ഡി. സതീശൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) നാളികേര ഉത്പന്നമായ നീര ഉത്പാദിപ്പിക്കുന്നതിന് കേരളത്തിൽ സൊസൈറ്റികളെയോ ഫെഡറേഷനുകളെയോ കമ്പനികളെയോ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;<br>ബി) എക്സൈസ് വകുപ്പിന്റെ പരിശോധനക്കും മേൽനോട്ടത്തിനും വിധേയമായിട്ടാണോ ഇത്തരത്തിലുള്ള യൂണിറ്റുകൾ പ്രവർത്തിക്കുക;<br>സി) നിർമ്മാണ യുണിറ്റുകളെ തിരഞ്ഞെടുക്കുന്നതിന് കമ്മറ്റി രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരെല്ലാമാണ് അംഗങ്ങൾ; | എ) ബി) & സി) നീരയുടെ ഉല്പാദനവും വിതരണവും സംബന്ധിച്ച് പഠനം നടത്തുന്നതിന് 15.01.2013-ലെ G.O.(Rt)No.38/2013/TD, 14.03.2013-ലെ G.O.(Rt) No.221/2013/TD എന്നീ ഉത്തരവുകൾ പ്രകാരം എക്സൈസ് കമ്മീഷണർ ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് കമ്മിറ്റിയുടെ പഠന റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചു വരുന്നു. |
| ഡി) കേരള കാർഷിക സർവ്വകലാശാലയിൽ ഇതു സംബന്ധിച്ച് നടന്ന പഠനത്തിൽ തെങ്ങൊന്നിന് മൂന്ന് മാസത്തിൽ എത്ര വരുമാനം കിട്ടുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്; | ഡി) ഒരു തെങ്ങിൽ നിന്നും ദിനംപ്രതി ശരാശരി ഒന്നര ലിറ്റർ അസംസ്കൃത നീരയും അതിൽ നിന്ന് ഒരു ലിറ്റർ വിൽപനയോഗ്യമായ നീരയും ( കേരാമൃതം) ലഭിയ്ക്കും എന്ന അനുമാനത്തിൽ, ഒരു തെങ്ങിൽ നിന്നും ചിലവുകൾ കഴിച്ച് 1200 രൂപ മുതൽ 1500 രൂപ വരെ ആദായം ലഭിയ്ക്കും എന്നാണ് അനുമാനിക്കുന്നത്. ഇപ്രകാരം 3 മാസത്തിൽ 3600 രൂപ മുതൽ 4500 രൂപ വരെ ഒരു തെങ്ങിൽ നിന്നും വരുമാനമായി പ്രതീക്ഷിക്കാം. ഒരു ലിറ്റർ കേരാമൃതം 100 രൂപയ്ക്ക് വിൽപന നടത്താൻ സാധിക്കും എന്ന അനുമാനത്തിലാണ് ഈ കണക്ക് തയ്യാറാക്കിയിട്ടുള്ളത്. |

ഇ) നീരയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ തെങ്ങിൻ ശർക്കര, തെങ്ങിൻ പഞ്ചസാര തുടങ്ങിയ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുവാനുള്ള നടപടിയും മേൽ സൂചിപ്പിച്ച പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ഇ) നീരയുടെ ഉല്പാദനവും വിതരണവും സംബന്ധിച്ച് പഠനം നടത്തുന്നതിന് 15.01.2013-ലെ G.O.(Rt)No.38/2013/TD, 14.03.2013-ലെ G.O.(Rt) No.221/2013/TD എന്നീ ഉത്തരവുകൾ പ്രകാരം എക്സൈസ് കമ്മീഷണർ ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് കമ്മിറ്റിയുടെ പഠന റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**